>> പ്രഭാഷണം

## ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അതിജീവനം-2

# പരാജയപ്പെട്ട പരീക്ഷണങ്ങൾ

● റാശിദുൽ ഗനൂശി

**സ്ത്രീസമൂഹത്തെ** ഉയർത്തിക്കൊണ്ട് വരുന്നതിലും ഇസ്‌ലാമിക പ്രസ്ഥാനം വിജയിക്കുകയുണ്ടായി. സ്ത്രീയെ, ഇസ്‌ലാമിക സൗധത്തെ തകർക്കാനുള്ള ഉപകരണമാക്കാമെന്ന് കൊളോണിയൽ ശക്തികൾ കണ്ടു. ഇസ്‌ലാം സ്ത്രീയെ ബന്ദിയും അടിമയുമാക്കിയിരിക്കുകയാണെന്നും ഇസ്‌ലാമിനെ കൈയൊഴിച്ചുകൊണ്ടല്ലാതെ അവൾക്ക് മോചനം സാധ്യമല്ലെന്നും അവർ പ്രചരിപ്പിച്ചു. ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളെ ചോദ്യം ചെയ്യുന്ന സ്ത്രീ പ്രസ്ഥാനങ്ങൾ ഇസ്‌ലാമിക ലോകത്ത് പ്രത്യക്ഷപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്. പക്ഷേ, ഇന്ന് നാം കാണുന്നത് ലോകം മുഴുക്കെ സ്ത്രീയുടെ ഇസ്‌ലാമിക വസ്ത്രധാരണം അതിവേഗം പ്രചാരം നേടുന്നതായാണ്. ഇസ്‌ലാമിക നവോത്ഥാനത്തിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഘടനയിലും അവർക്കുള്ള പങ്കാളിത്തം എത്രയോ വർധിച്ചിരിക്കുന്നു.

വിവിധ രംഗങ്ങളിൽ പുരുഷന്മാരോട് മത്സരിച്ച് മുന്നേറുകയാണ് മുസ്‌ലിം ലോകത്തെ സ്ത്രീകൾ. പല യൂനിവേഴ്സിറ്റികളിലും ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ്. ടുനീഷ്യൻ സർവകലാശാലയിൽ പെൺകുട്ടികളുടെ എണ്ണം അമ്പത്തിയഞ്ച് ശതമാനമായി വർധിച്ചിരിക്കുന്നു. പഠനഗവേഷണങ്ങളിൽ കൂടുതൽ താൽപര്യം അവർക്കാണ് എന്നർഥം. ഇതിനനുസരിച്ച പദവിയും സ്ഥാനവും എന്തുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനത്തിൽ അവർക്ക് ലഭിക്കുന്നില്ല? ടുനീഷ്യയിലെ ഞങ്ങളുടെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കേന്ദ്രശൂറയിലേക്ക് ആദ്യമായി രണ്ടു സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടുന്നത് 1981-ൽ ആണ്. പ്രസ്ഥാനം നിലവിൽ വന്നിട്ട് അന്നേക്ക് പത്തു വർഷം പിന്നിട്ടിരുന്നു. ആദ്യത്തെ പത്തു വർഷം ശൂറയിൽ ഒരു സ്ത്രീ പോലുമില്ല. സ്ത്രീകൾക്ക് ഇസ്‌ലാമിക പ്രസ്ഥാനത്തിൽ അംഗത്വം കൊടുക്കാമോ എന്നൊക്കെയായിരുന്നു അക്കാലങ്ങളിൽ ചർച്ച. അവിടെനിന്ന് വളരെ ദൂരം മുന്നോട്ടു പോയി കേന്ദ്രശൂറയിൽ വരെ സ്ത്രീകൾ എത്തി. സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷമുള്ള ആദ്യ ശൂറായോഗത്തിൽ ഒരു സഹോദരൻ എഴുന്നേറ്റുനിന്ന്, ശൂറ കൂടുന്നിടത്ത് സ്ത്രീകൾക്ക് എന്തുകാര്യം എന്ന മട്ടിൽ സംസാരിച്ചു. തെരഞ്ഞെടുക്കപ്പെട്ട വനിതകളിൽ ഒരാൾ എഴുന്നേറ്റ് നിന്ന് ചോദിച്ചു: 'ശൂറ കൂടുന്നിടത്ത് പുരുഷന്മാർക്ക് എന്തുകാര്യം എന്ന് ഞങ്ങൾക്ക് തിരിച്ചും ചോദിച്ചുകൂടേ? പുരുഷനെയും സ്ത്രീയെയും ഒരുപോലെയല്ലേ ഇസ്‌ലാം അഭിസംബോധന ചെയ്യുന്നത്? പിന്നെ എന്തിനാണ് ഒരു വിഭാഗം മറ്റേ വിഭാഗത്തിനുമേൽ ഇങ്ങനെ അധികാരപ്രയോഗം നടത്തുന്നത്? പരസ്പരം സഹകാരികളാണ് എന്നല്ലേ വിശ്വാസികളായ സ്ത്രീ-പുരുഷന്മാരെക്കുറിച്ച് ഖുർആൻ പറഞ്ഞിട്ടുള്ളത്?' സംശയം ഉന്നയിച്ച പുരുഷാംഗം മിണ്ടിയില്ല. പിന്നെയാരും അത്തരം സംശയങ്ങൾ ഉന്നയിക്കുകയുമുണ്ടായില്ല.

ഇസ്‌ലാമിക സമൂഹം ഒരു പക്ഷിയെപ്പോലെയാണ്. രണ്ടു ചിറകില്ലാതെ അതിന് പറക്കാൻ കഴിയില്ല. അതിലൊരു ചിറക് ഇപ്പോഴും കുഴഞ്ഞ് ദുർബലമായി കിടക്കുകയാണ്. അത് ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

### പതറുന്ന വൻശക്തികൾ

ഞാൻ നേരത്തെ പറഞ്ഞ പോലെ, ഏതാനും ആചാരങ്ങളിലും മന്ത്രങ്ങളിലും പരിമിതപ്പെട്ടുപോയ ഇസ്‌ലാമിനെ ഒരു ജീവിത വ്യവസ്ഥയായി ഉയർത്തിക്കാണിച്ചു എന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടം. പണ്ഡിതന്മാരിൽ ഒതുങ്ങിനിന്നിരുന്ന ഇസ്‌ലാമിക ചിന്തയെ ബഹുജനങ്ങളിലെത്തിച്ചു എന്നത് മറ്റൊരു നേട്ടം. ഇതൊക്കെ ഉണ്ടായിട്ടും കടിഞ്ഞാൺ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ കൈയിൽ വരാത്തതെന്ത് എന്ന ചോദ്യമുയരാം. മുസ്‌ലിം ലോകത്ത് ഒരിടത്തും സംശുദ്ധമായ തെരഞ്ഞെടുപ്പ് നടക്കുന്നില്ല എന്നതാണ് ഉത്തരം. ഈജിപ്ത്, ടുനീഷ്യ, മൊറോക്കോ, അൾജീരിയ തുടങ്ങി ഏത് അറബ് രാജ്യത്തും സംശുദ്ധമായ തെരഞ്ഞെടുപ്പു നടന്നാൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങളാവും അധികാരത്തിലെത്തുക. അതായത് അന്താരാഷ്ട്ര ഭരണക്രമമാണ് ഇസ്‌ലാമിസ്റ്റുകൾക്ക് അവസരം നിഷേധിക്കുന്നത്. അന്താരാഷ്ട്ര സമൂഹം ഇസ്‌ലാം അധികാരം കൈയാളുന്നത് സഹിക്കുകയില്ല. ഹമാസിന് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയപ്പോൾ ഇവരെന്താണ് ചെയ്തത്? അന്താരാഷ്ട്രസമൂഹം ഫലസ്ത്വീനികൾക്കെതിരെ ഉപരോധം പ്രഖ്യാപിച്ചു. ഹമാസിനെ തെരഞ്ഞെടുത്തതിനുള്ള ശിക്ഷയായിരുന്നു ഇത്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ഏത്

> **സുന്നീ സമൂഹത്തിന് അതിന്റെ ഇസ്‌ലാമിക അജണ്ടയുമായി മുന്നോട്ടു പോകാൻ ഈജിപ്തിനെപ്പോലുള്ള ഒരു രാഷ്ട്രത്തിന്റെ പിൻബലവും നേതൃത്വവും ആവശ്യമുണ്ട്. എങ്കിലേ ഈ അനാഥത്വത്തിന് അറുതി വരൂ. ഈജിപ്തല്ലാത്ത മറ്റൊരു രാഷ്ട്രത്തിന് ഇതിന് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ശാക്തിക സന്തുലനത്തിൽ ഇറാനും ഇസ്രയേലിനും ഒപ്പം നിൽക്കാൻ ഈജിപ്തിനേ കഴിയൂ.**

സമൂഹം തെരഞ്ഞെടുത്താലും അവർക്ക് അനുഭവിക്കേണ്ടി വരിക പട്ടിണിയും ഉപരോധവുമായിരിക്കും എന്ന താക്കീതും അതിൽ അടങ്ങിയിട്ടുണ്ട്.

അതിനർഥം ഇസ്ലാമിക പ്രസ്ഥാനങ്ങൾക്ക് വഴിമുട്ടി എന്നാണോ? ഒരിക്കലുമല്ല. എല്ലാറ്റിനും കഴിവുള്ള പരമാധികാര ശക്തികളൊന്നുമല്ല പാശ്ചാത്യർ. ആ ശക്തിവിശേഷം പ്രപഞ്ച നാഥനായ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. ഇന്ന് പാശ്ചാത്യർക്ക് ശക്തിയുണ്ടെന്നത് ശരി. പക്ഷേ, നാളത്തെ ദുർബലരാണവർ. ഇന്നത്തെ ശക്തൻ നാളത്തെ ദുർബലൻ, ഇന്നത്തെ ദുർബലൻ നാളത്തെ ശക്തൻ. വിജയദിനങ്ങൾ വിവിധ വിഭാഗങ്ങൾക്കിടയിൽ മാറിമറിഞ്ഞുകൊണ്ടിരിക്കുക എന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്. ലോകത്തെ വൻശക്തി ഇറാഖിൽ അധിനിവേശം നടത്തിയപ്പോൾ സംഭവിച്ചത് എന്താണെന്ന് നാം കണ്ടു. ലോകാധിപത്യം കൈക്കലാക്കാനുള്ള ശ്രമത്തിന്റെ ആദ്യ ചുവടുവെപ്പായിരുന്നു അത്. പക്ഷേ, അധിനിവേശം വൻശക്തിയെ ഏറ്റവും വലിയ പ്രതിസന്ധിയിലാണ് കൊണ്ടെത്തിച്ചത്. ഇറാഖിൽ എങ്ങനെ തങ്ങും, ഇറാഖിൽനിന്ന് എങ്ങനെ പുറത്തുകടക്കും എന്നറിയാതെ പകച്ചു നിൽക്കുകയാണ് ആ 'വൻശക്തി.' അധർമികളുടെ ശക്തി എത്ര ദുർബലമാണെന്ന് ഇത് വിളിച്ചറിയിക്കുന്നു. 'അധർമികളുടെ വിളയാട്ടം കണ്ട് നീ കണ്ണഞ്ചിപ്പോവേണ്ട. ശുഷ്കിച്ച കോപ്പുകളേ അവർക്കുള്ളൂ.'

## ഇസ്ലാമിക ലോകത്തിന്റെ അനാഥത്വം

ഇസ്ലാമിക ലോകം ഇന്ന് അനാഥമാണ്. കുറച്ചുകൂടി കൃത്യമായിപ്പറഞ്ഞാൽ, ഈ അനാഥത്വമുള്ളത് 'സുന്നീ ഇസ്ലാമി'നാണ്. ഇതല്ല 'ശീഈ ഇസ്ലാമി'ന്റെ അവസ്ഥ. ശീഈ ഇസ്ലാമിന് പിന്നിൽ ശക്തമായ ഒരു രാഷ്ട്രമുണ്ട്. അതുകൊണ്ട് ലോക ശീഈ സമൂഹം ഊർജസ്വലരായി കാണപ്പെടുന്നു. അനാഥത്വം അവർക്ക് അനുഭവപ്പെടുന്നില്ല. പക്ഷേ, സുന്നികൾ - അവരാണ് തൊണ്ണൂറ് ശതമാനവും - തീർത്തും അനാഥരാണ്. അവർക്ക് സംരക്ഷണവും പിന്തുണയും നൽകുന്ന ഒരു രാഷ്ട്രവും ഇന്നില്ല. ഇറാഖിലേക്ക് നോക്കുക. സുന്നീ വിഭാഗങ്ങൾ നടത്തുന്ന ചെറുത്തുനിൽപ്പിനെ സഹായിക്കാൻ ആരുമില്ല. അവിടുത്തെ ശീഈ സംഘടനകൾക്ക് ഇറാന്റെ പിൻബലമുണ്ട്. ഇതു തന്നെയാണ് ലബനാനിലെയും സ്ഥിതി. അവിടെ സുന്നികളെ പ്രതിനിധീകരിക്കുന്നത് ആരാണ്? സഅദ് ഹരീരി. ഇസ്ലാമിക സംരംഭങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാൾ.

സുന്നീ സമൂഹത്തിന് അതിന്റെ ഇസ്ലാമിക അജണ്ടയുമായി മുന്നോട്ടു പോകാൻ ഈജിപ്തിനെപ്പോലുള്ള ഒരു രാഷ്ട്രത്തിന്റെ പിൻബലവും നേതൃത്വവും ആവശ്യമുണ്ട്. എങ്കിലേ ഈ അനാഥത്വത്തിന് അറുതി വരൂ. ഈജിപ്തല്ലാത്ത മറ്റൊരു രാഷ്ട്രത്തിന് ഇതിന് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ശാക്തിക സന്തുലനത്തിൽ ഇറാനും ഇസ്രയേലിനും ഒപ്പം നിൽക്കാൻ ഈജിപ്തിനേ കഴിയൂ.

## പരാജയപ്പെട്ട പരീക്ഷണങ്ങൾ

ഇസ്ലാമിക ഭരണക്രമം എങ്ങനെ പ്രയോഗവത്കരിക്കാം എന്ന കാര്യത്തിൽ നമ്മുടെ കാലത്ത് ചില പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. സുഡാനിലും അഫ്ഗാനിലും ഈ സ്വഭാവത്തിലുള്ള പരീക്ഷണങ്ങൾ നടക്കുകയുണ്ടായി. ഈ രണ്ടു പരീക്ഷണങ്ങളും പ്രതീക്ഷക്ക് വകയില്ലാത്തതാണ്. അഫ്ഗാനിലെ ത്വാലിബാൻ പരീക്ഷണത്തിന് ഇസ്ലാമിക പ്രസ്ഥാനവുമായി ബന്ധമില്ല. അവരുടെ ആദർശബന്ധം ദയൂബന്ത് സ്കൂളുമായാണ്. ഇസ്ലാമിക പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് മുമ്പുള്ള ചില ചിന്താധാരകളെ അടിസ്ഥാനപ്പെടുത്തിയാണ് ആ പരീക്ഷണം നടന്നത് എന്നർഥം. ആധുനിക സമൂഹവുമായി സംവദിക്കാൻ ആ ചിന്താധാരകൾക്ക് കഴിയാതെ പോയി. അതിന് തെളിവായി, ത്വാലിബാൻ ഭരിച്ചപ്പോൾ അത് എന്തൊക്കെ ചെയ്തു എന്ന് നോക്കിയാൽ മതി. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചു. സ്ത്രീകൾ വീടിന്റെ നാല് ചുവരുകൾക്കകത്ത് ഒതുങ്ങിക്കൂടട്ടെ എന്ന് ഉത്തരവിട്ടു. താടി നീണ്ടുനീണ്ട് വരാൻ ബാർബർ ഷോപ്പുകൾവരെ അടച്ചുപൂട്ടി എന്നാണ് പറയുന്നത്. ഇതൊക്കെ ചെയ്തു കഴിഞ്ഞപ്പോൾ ഇനിയെന്തു ചെയ്യും എന്ന ചിന്തയായി. അങ്ങനെയാണ് ബാമിയാനിലെ ബുദ്ധവിഗ്രഹങ്ങൾ തകർക്കാൻ ചെന്നത്. ആ വിഗ്രഹങ്ങൾക്ക് ചുവട്ടിലൂടെ എത്രയോ ഇസ്ലാമിക പണ്ഡിതന്മാർ മുമ്പ് നടന്നു പോയിട്ടുണ്ട്. അവരിൽ ഒരാൾ പോലും അങ്ങോട്ട് തിരിഞ്ഞു നോക്കുക പോലും ചെയ്തിരുന്നില്ല. ജനങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലില്ലായ്മ തുടങ്ങിയ ജീവൽ പ്രശ്നങ്ങൾക്കൊന്നും പരിഹാരം അന്വേഷിക്കാതെ ഇത്തരം അൽപ്പത്തങ്ങളാണ് അവർ കാണിച്ചു കൂട്ടിയത്. പ്രമുഖ കോളമിസ്റ്റ് ഫഹ്മീ ഹുവൈദി അഫ്ഗാൻ സന്ദർശിച്ച ശേഷം എഴുതി: 'നാം സഞ്ചരിക്കേണ്ടത് ഒരിക്കലും ത്വാലിബാന്റെ പാതയിലൂടെയല്ല. ഈ പരീക്ഷണത്തിൽനിന്ന് നാം പഠിക്കേണ്ട ഒന്നാമത്തെ പാഠമാണിത്.'

**സുഡാൻ പരീക്ഷണത്തിന്റെ പരാജയത്തിൽനിന്ന് നാം പഠിക്കേണ്ട പാഠം, അഭിപ്രായ സ്വാതന്ത്ര്യം ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ആധാര ശിലകളിലൊന്നാണ് എന്ന കാര്യമാണ്. ഇസ്ലാമിക പ്രസ്ഥാനം ലക്ഷ്യം വെക്കേണ്ടത് അധികാരമല്ല, സ്വാതന്ത്ര്യമാണ്. അട്ടിമറിയിലൂടെയും ബലപ്രയോഗത്തിലൂടെയും അധികാരത്തിലെത്തുകയും, ജനാഭിപ്രായങ്ങളെയും സ്വതന്ത്രമായ പത്രപ്രവർത്തനത്തെയും അടിച്ചമർത്തുകയും ചെയ്യുന്ന ഈ രീതിയിൽനിന്ന് ഇസ്ലാമിക പ്രസ്ഥാനങ്ങൾ വിട്ടകന്ന് നിന്നേ പറ്റൂ.**

സുഡാനിലാവട്ടെ, പ്രതീക്ഷക്ക് തിരിച്ചടിയേൽക്കുകയായിരുന്നു. കാരണം സുഡാനിലെ പരീക്ഷണം ഇസ്ലാമിസ്റ്റുകൾ നടത്തിയതായിരുന്നു. സൈനിക അട്ടിമറിയിലൂടെ അധികാരത്തിലെത്തി എന്നതാണ് അവർക്കു പിണഞ്ഞ അബദ്ധം. അധികാരത്തിലേക്കുള്ള ഇത്തരം വഴികൾ അപകടങ്ങൾ നിറഞ്ഞതാണ്. ജനതാൽപര്യങ്ങൾക്കെതിരെ അവർക്ക് നീങ്ങേണ്ടി വരും. സൈനിക വിപ്ലവത്തിലൂടെ അധികാരത്തിലേറിയ ശേഷം, സ്വന്തം സഹപ്രവർത്തകർക്കു നേരെയും ഭരണാധികാരികൾ തിരിഞ്ഞു. രാഷ്ട്രീയ പാർട്ടികളെ നിരോധിച്ചു; പത്രങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി; ഒരു സമഗ്രാധിപത്യമുഖം ഭരണകൂടത്തിന് കൈവന്നു. അങ്ങനെ ജനങ്ങൾ അവരെ വെറുത്തു. അന്താരാഷ്ട്ര-മേഖലാ ശക്തികൾ ആ ഭരണത്തിന് നേരെ പാഞ്ഞടുത്തു. അത് സുഡാൻ എന്ന രാഷ്ട്രത്തെ വലിയൊരു പ്രതിസന്ധിയിലെത്തിച്ചു. സുഡാൻ പരീക്ഷണത്തിന്റെ പരാജയത്തിൽനിന്ന് നാം പഠിക്കേണ്ട പാഠം, അഭിപ്രായ സ്വാതന്ത്ര്യം ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ആധാര ശിലകളിലൊന്നാണ് എന്ന കാര്യമാണ്. ഇസ്ലാമിക പ്രസ്ഥാനം ലക്ഷ്യം വെക്കേണ്ടത് അധികാരമല്ല, സ്വാതന്ത്ര്യമാണ്. അട്ടിമറിയിലൂടെയും ബലപ്രയോഗത്തിലൂടെയും അധികാരത്തിലെത്തുകയും, ജനാഭിപ്രായങ്ങളെയും സ്വതന്ത്രമായ പത്രപ്രവർത്തനത്തെയും അടി

ച്ചമർത്തുകയും ചെയ്യുന്ന ഈ രീതിയിൽനിന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിട്ടകന്ന് നിന്നേ പറ്റൂ. ഈ മാർഗം ആത്മഹത്യാപരമാണ്. സ്വാതന്ത്ര്യത്തിനു വേണ്ടി ഏറ്റവും മുൻപന്തിയിൽ നിലകൊള്ളുന്നത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളാവണം. കാരണം, ഇസ്‌ലാം മനുഷ്യപ്രകൃതിയോട് ചേർന്നുനിൽക്കുന്ന മതമാണ്. മതനിരാസ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ മനുഷ്യ പ്രകൃതിക്ക് വിരുദ്ധമാണ്. അതുകൊണ്ടാണവ ഏകാധിപത്യത്തെയും സമഗ്രാധിപത്യ പ്രവണതകളെയും പിന്തുണക്കുന്നത്.

ഭരണത്തിലെ ഇറാനിയൻ പരീക്ഷണമാണ് മികച്ചതെന്ന ഒരഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. കാരണം, ഇറാനിലെ വിപ്ലവം സൈനിക അട്ടിമറിയുടെ ഫലമായിരുന്നില്ല. അതൊരു ജനകീയ വിപ്ലവമായിരുന്നു. അവിടുത്തെ മതസ്ഥാപനങ്ങൾ വളരെ ശക്തമാണ്. ഭരണനിർവഹണം എങ്ങനെയാവണമെന്ന് നിർവചിക്കുന്ന ഒരു ഭരണഘടനയും അവിടെ നിലവിലുണ്ട്. കാലതാമസമില്ലാതെ നടക്കുന്ന സംശുദ്ധമായ തെരഞ്ഞെടുപ്പുകളാണ് മറ്റൊരു അനുകൂല ഘടകം. എന്നാൽ ഉന്നതാധികാര പണ്ഡിതസമിതി അതിന്റെ വീക്ഷണങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കുകയാണ്. ഇതാണ് ഇറാനിയൻ പരീക്ഷണത്തിന്റെ പ്രധാന തകരാറും. ഈ പണ്ഡിതസമിതിയുടെ അംഗീകാരമില്ലാതെ ഒരാളും പാർലമെന്റ് അംഗമാവുകയില്ല. അതിനാൽ ഇറാനിയൻ സെക്യുലരിസ്റ്റുകളും 'വിലായതുൽ ഫഖീഹി'ന്റെ അപ്രമാദിത്വത്തിൽ വിശ്വസിക്കാത്തവരും കളരിക്ക് പുറത്താണ്.

ഇറാനിലെ ഇസ്‌ലാമിക വസ്ത്രധാരണത്തെക്കുറിച്ച് ഒരു കാര്യം സൂചിപ്പിക്കട്ടെ. ഒരിക്കൽ ഞാൻ തെഹ്‌റാനിൽനിന്ന് ഫ്രാങ്ക്ഫർട്ടിലേക്ക് യാത്ര ചെയ്യുകയായിരുന്നു. തെഹ്‌റാൻ വിമാനത്താവളത്തിലായിരുന്നപ്പോൾ സ്ത്രീകളെല്ലാം ഹിജാബ് ധരിച്ചവരായിരുന്നു. ഫ്രാങ്ക്ഫർട്ടിലെത്തിയപ്പോൾ ഹിജാബ് ധരിച്ച ഒരു സ്ത്രീ പോലുമില്ല! ഇതാണ് യഥാർഥ പരാജയം. ഹിജാബിന് വിലയും മൂല്യവുമുണ്ടാകുന്നത് സ്വന്തം വിശ്വാസ പ്രമാണമനുസരിച്ച് അത് സ്വമേധയാ എടുത്തണിയുമ്പോഴാണ്. പോലീസിനെ പേടിച്ചാണ് പർദയിടുന്നതെങ്കിൽ അതെങ്ങനെ ദീൻ ആവും? ഇറാനിയൻ വിപ്ലവം പലതിലും വിജയിച്ചിട്ടുണ്ട്; പരാജയപ്പെട്ടിട്ടുമുണ്ട്. ഈ പരീക്ഷണത്തിൽനിന്ന് നാം പഠിക്കേണ്ട പാഠമിതാണ്: 'മതവിധികൾ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാനുള്ളതല്ല.'

## മാറ്റേണ്ട സമീപനങ്ങൾ

നേരത്തെ സൂചിപ്പിച്ച പോലെ, ഇസ്‌ലാമിക സംരംഭങ്ങൾക്ക് പല രംഗങ്ങളിലും നിരവധി നേട്ടങ്ങൾ കൈവരിക്കാനായി. അതേസമയം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ശ്രദ്ധയൂന്നേണ്ട ചില സുപ്രധാന മേഖലകളുണ്ട്. ആത്മസംസ്കരണത്തിന്, തർബിയത്തിനുനാം നൽകികൊണ്ടിരിക്കുന്ന പ്രാധാന്യം തുടരണം. നമ്മുടെ ഏറ്റവും വലിയ നീക്കിയിരുപ്പ് അല്ലാഹുവിനോടുള്ള ഭക്തിയും ജീവിത സൂക്ഷ്മതയുമാണ്. നമ്മുടെ കുടുംബജീവിതത്തിലും സാമ്പത്തിക ഇടപാടുകളിലുമെല്ലാം അല്ലാഹുവിന്റെ സാന്നിധ്യം അനുഭവിപ്പിക്കാൻ കഴിയണം. ആത്മസംസ്കരണം എന്ന ഈ പ്രക്രിയ അന്ത്യശ്വാസം വരെ തുടരേണ്ട ഒന്നാണ്. ഇടക്കു വെച്ച് നിർത്താൻ പറ്റില്ല. 'നിങ്ങൾ പാഥേയമൊരുക്കുക. ഏറ്റവും നല്ല പാഥേയം തഖ്‌വയാകുന്നു.'

ദരിദ്രരുടെ പ്രശ്നങ്ങളാണ് ഊന്നൽകൊടുക്കേണ്ട മറ്റൊന്ന്. മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ *ഉടമാവകാശം* എന്ന കൃതി ഈയിടെ വായിക്കാനിടയായപ്പോൾ അതെന്നെ അത്രയൊന്നും ആകർഷിച്ചില്ല. ജന്മിത്തം കൊടികുത്തി വാഴുന്ന, ഭൂസ്വത്തിന്റെ ബഹുഭൂരിഭാഗവും ഭൂപ്രഭുക്കൾ കൈയടക്കിയിരിക്കുന്ന പാകിസ്താൻ പോലെയുള്ള ഒരു നാട്ടിൽ ഉടമാവകാശത്തെക്കുറിച്ച കേവലാശയങ്ങൾക്ക് എങ്ങനെയാണ് ജനകീയാംഗീകാരം ലഭിക്കുക? ഭൂമിയുടെ നീതിപൂർവമായ പുനർവിതരണത്തെക്കുറിച്ചാണ് അത്തരം സന്ദർഭങ്ങളിൽ എഴുതേണ്ടത്. പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾ മുമ്പിൽ വെച്ചേ ഉടമാവകാശം പോലുള്ള ഒരു വിഷയം ചർച്ച ചെയ്യാനാവൂ. കേവല വൈജ്ഞാനിക വിഷയമായി അതിനെ കാണാൻ കഴിയില്ല. ഖുർആന്റെ നിർദേശം ഇക്കാര്യത്തിൽ വളരെ വ്യക്തമാണ്. 'അല്ലാഹു നിങ്ങളുടെ നിലനിൽപ്പിന്നാധാരമാക്കി വെച്ചിട്ടുള്ള സമ്പത്ത് മൂഢന്മാരെ ഏൽപിക്കാതിരിക്കുക.' സമൂഹത്തിന്റെ സമ്പത്താണത്. ആ സമ്പത്ത് ഏതാനും കുടുംബങ്ങൾ കൈയടക്കി വെക്കുക, ബാക്കിയുള്ളവർ അവരുടെ കൂലിക്കാരായി ജീവിക്കുക - ഈ സാമൂഹിക സ്ഥിതിവിശേഷം തിരുത്താനും ഉടമാവകാശം എല്ലാവർക്കും ലഭ്യമാക്കാനുമാണ് ഇസ്‌ലാമിക പ്രസ്ഥാനം ശ്രമിക്കേണ്ടത്. അമ്പതു വർഷം പിന്നിട്ടിട്ടും പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനം ചില വിഭാഗങ്ങളിൽ പരിമിതപ്പെട്ടുപോയത് ഇതുകൊണ്ടാക്കെയാണെന്ന് ഞാൻ പറയും. ബഹുജന പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചും മുന്നണികൾ രൂപവത്കരിച്ചും മധ്യവർഗ പാർട്ടിയെന്ന പ്രതിഛായയിൽനിന്ന് പുറത്തുകടക്കാൻ ഖാദീഹുസൈൻ അഹ്‌മദിന്റെ നേതൃത്വത്തിൽ പാക് ജമാഅത്തിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ടെങ്കിലും, പരമ്പരാഗത ശൈലി തുടരുന്നതുകാരണം പാവപ്പെട്ട സാധാരണക്കാരുടെ പ്രശ്നങ്ങൾ വേണ്ടവണ്ണം കൈയാളാൻ ഇനിയും അവർക്ക് കഴിഞ്ഞിട്ടില്ല. നാം തുടർന്നുപോരുന്ന സാമൂഹിക സമീപനങ്ങളെ തിരുത്തുന്ന ചിന്തകൾ വളരെ അത്യാവശ്യമായിരിക്കുന്നു.

ഇക്കാര്യത്തിൽ സയ്യിദ് ഖുത്വ്ബിന്റെ കൃതികൾ മികവ് പുലർത്തുന്നു. ഇസ്‌ലാമിലെ സാമൂഹിക നീതിയെക്കുറിച്ചും മുതലാളിത്തവുമായുള്ള ഇസ്‌ലാമിന്റെ പോരാട്ടത്തെക്കുറിച്ചും അദ്ദേഹം എഴുതി. ദരിദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും വേദനകളും ആകുലതകളും തൊട്ടറിയാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് കഴിയണമെന്നാണ് പറഞ്ഞുവരുന്നത്. ഖുമൈനിയുടെ ചിന്തകളിൽ ഈ വശം വളരെ തെളിഞ്ഞ് കാണാം. ദുർബലർക്കു വേണ്ടി പടയണി ചേരാനാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. ഇക്കാര്യത്തിൽ മതമുള്ളവരെയും ഇല്ലാത്തവരെയുമെല്ലാം തന്റെ പിന്നിൽ അണിനിരത്താൻ അദ്ദേഹത്തിന് സാധിച്ചു. 'ഭൂമിയിൽ അടിച്ചമർത്തപ്പെട്ടവരോട് ഔദാര്യം കാണിക്കാനും അവരെ നായകന്മാരും അനന്തരാവകാശികളുമാക്കാനും നാം ഉദ്ദേശിക്കുന്നു' എന്ന ഖുർആൻ സൂക്തം അദ്ദേഹമാണ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. 'അല്ലാഹു അവതരിപ്പിച്ചതുകൊണ്ട് വിധിക്കാത്തവർ സത്യനിഷേധികളാണ്' എന്ന സൂക്തത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചത് സയ്യിദ് ഖുത്വ്ബും മൗലാനാ മൗദൂദിയുമാണ്. ഭരണവ്യവസ്ഥയെക്കുറിച്ചാണ് അതിൽ പറയുന്നത്. നമുക്ക് ഇത് ഒരു പുതിയ അറിവായിരുന്നു. 'അല്ലാഹു ഒരു വിഭാഗത്തെയും മാറ്റുകയില്ല, അവർ സ്വയം മാറാത്തേടത്തോളം' എന്ന ഖുർആനിക സൂക്തത്തിന്റെ ആശയങ്ങൾ നമുക്ക് വിശദീകരിച്ചു തന്നത് ശൈഖ് മുഹമ്മദ് അബ്ദുവും പരിഷ്കരണ പ്രസ്ഥാനങ്ങളുമായിരുന്നു. ഈ സൂക്തങ്ങൾ നേരത്തെ ഖുർആനിൽ ഉണ്ടായിരുന്നെങ്കിലും ഈ പരിഷ്കർത്താക്കളോടൊപ്പം അവ ആദ്യമായി പാരായണം ചെയ്യുന്നതു പോലെയാണ് നമുക്ക് തോന്നിയത്.

### ഔദ്യോഗിക വക്താക്കളില്ല

ഇങ്ങനെ എല്ലാ പരിഷ്കർത്താക്കളെയും പ്രയോജനപ്പെടുത്താൻ നമുക്കു കഴിയണം. ഏതെങ്കിലും ഒരു പരിഷ്കർത്താവിനെക്കുറിച്ച് അദ്ദേഹം ഇസ്‌ലാമിന്റെ ഔദ്യോഗിക വക്താവാണെന്ന് നാം ധരിച്ചു പോകരുത്. ഇസ്‌ലാമിൽ അങ്ങനെയൊരു ഔദ്യോഗിക വക്താവോ ചർച്ചോ ഇല്ല. മുഹമ്മദ് നബി(സ)യുടെ മരണശേഷം, താനാണ് ഇസ്‌ലാമിനെ ഔദ്യോഗികമായി പ്രതിനിധീകരിക്കുന്നത് എന്നു പറയാൻ ഒരാൾക്കും അവകാശമില്ല. ഇമാമുമാരെയും പണ്ഡിതന്മാരെയും നാം ആദരിക്കുക തന്നെ വേണം. അവരുടെ വാക്കുകൾ അപ്പടി പിൻപറ്റണമെന്ന് അതിന് അർഥമില്ല. അവരുടെ അഭിപ്രായങ്ങൾ ഖുർആന്റെയും സുന്നത്തിന്റെയും പൊതു താൽപര്യത്തിന്റെയും വെളിച്ചത്തിൽ നാം പരിശോധിക്കണം. ഏതൊരു പണ്ഡിതനും തന്റെ കാലത്തെ പൊതു താൽപര്യങ്ങൾ കൂടി പരിഗണിച്ചായിരിക്കും ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ടാവുക. ഉദാഹരണത്തിന് രാഷ്ട്രീയ പങ്കാളിത്തത്തിന്റെ കാര്യം. ഇമാം ഹസനുൽ ബന്നാ രാഷ്ട്രീയ പങ്കാളിത്തം നിരുത്സാഹപ്പെടുത്തിയത് വൈദേശിക ഭരണം നിലനിൽക്കുകയും രാഷ്ട്രീയ പാർട്ടികൾ പറ്റെ ജീർണിക്കുകയും ചെയ്ത ഒരു ഘട്ടത്തിലായിരുന്നു. ഭരണത്തിന്റെ സർവതുറകളിലും മതവിരുദ്ധ ആശയക്കാർ പിടിമുറുക്കുകയും ഇസ്‌ലാമിന്റെ നിലനിൽപുതന്നെ നാലുപാടുനിന്നും വെല്ലുവിളിക്കപ്പെടുകയും ചെയ്ത ഒരു സന്ദർഭത്തിലാണ് മൗലാനാ മൗദൂദി രാഷ്ട്രീയ പങ്കാളിത്തത്തിനെതിരെ അഭിപ്രായം പറഞ്ഞത്. അന്ന് ഇസ്‌ലാം വളരെ ദുർബലമാക്കപ്പെട്ട നിലയിലായിരുന്നു. പ്രതിയോഗികളെ നേർക്കുനേരെ നേരിടാൻ അത് കരുത്ത് നേടിയിരുന്നില്ല. നിലനിൽപ് അപകടപ്പെടുന്ന സന്ദർഭങ്ങളിൽ സ്വയം രക്ഷയാണ് പരമപ്രധാനം.

പക്ഷേ, ഇന്ന് മതവിരുദ്ധ പ്രത്യയശാസ്ത്രങ്ങളെല്ലാം തകർന്നടിഞ്ഞിരിക്കുന്നു. ഇസ്‌ലാമാകട്ടെ കരുത്തും പ്രചാരവും നേടിക്കൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ, ഇസ്‌ലാം മുന്നേറുന്ന ഈ സന്ദർഭത്തിൽ മുമ്പുണ്ടായിരുന്ന സ്വയം രക്ഷാ സിദ്ധാന്തം ഉചിതമല്ല. ഇമാം ഹസനുൽ ബന്നായുടെയും മൗലാനാ മൗദൂദിയുടെയും കാലത്ത് പ്രസക്തമായിരുന്നത് നമ്മുടെ കാലത്തും പ്രസക്തമാവണമെന്ന് നിർബന്ധമില്ല. സ്ഥലകാലങ്ങളുടെ മാറ്റത്തിനനുസരിച്ച് മതവിധികളിലും മാറ്റമുണ്ടാവുമെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടല്ലോ.

അന്താരാഷ്ട്ര ശക്തികൾ മൊത്തം എതിരായിരുന്നിട്ടും ഇസ്‌ലാമിനെ അതിന്റെ യഥാർഥ സ്ഥാനത്തേക്ക് ഉയർത്തിവെക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു. ഈ സംരംഭം ഏതെങ്കിലും മേൽത്തട്ടുകാരുടേതല്ല; സമുദായം ഒന്നടങ്കം ഏറ്റെടുത്ത ഒന്നാണ്. സമുദായത്തിന്റെ അവസ്ഥയും ദിനംപ്രതി ഇസ്‌ലാമികമായി മെച്ചപ്പെട്ടുവരുന്നു. ഇന്നലെ നമസ്കരിക്കാത്തവരും ഹിജാബ് ധരിക്കാത്തവരും ഇന്ന് നമസ്കരിക്കുന്നവരും ഹിജാബ് ധാരിണികളുമായി മാറുന്നു. ഇസ്‌ലാം മുന്നേറുന്നതിന്റെ സൂചനകളാണിതെല്ലാം. ഇസ്‌ലാമിക സമൂഹം ഒരുമിച്ചുനിന്ന് ഒരു രാഷ്ട്രീയ ശക്തിയാകുന്ന കാലം വിദൂരമല്ലെന്ന് ഞാൻ കരുതുന്നു. ഇന്ന് ഒ.ഐ.സി എന്ന പേരിൽ മുസ്‌ലിം രാഷ്ട്രങ്ങൾക്ക് ഒരു കൂട്ടായ്മയുണ്ട്. പക്ഷേ, അതുകൊണ്ട് കാര്യമായ പ്രയോജനമൊന്നുമില്ല. ഇതിനെ ലോക മുസ്‌ലിം ഭൂരിപക്ഷ-ന്യൂനപക്ഷ സമൂഹങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്ന ശക്തമായ ഒരു രാഷ്ട്രീയ വേദിയാക്കാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് കഴിയട്ടെ എന്ന് ഞാൻ പ്രത്യാശിക്കുന്നു. ■

(അവസാനിച്ചു)